I/261469/2024

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**

കളക്ടേറ്റ് പി. ഒ., കോട്ടയം - 686002

ഫോൺ: 0481-2560282

*e-mail: jdlsgdktm@gmail.com*

തീയതി:12-04-2024

<u>കുറ്റാരോപണ മെമ്മോ</u>

താങ്കൾ തിടനാട് ഓഫീസിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്തു വരവേ അനുബന്ധ കുറ്റാരോപണ പത്രികയിൽ വിവരിക്കും പ്രകാരമുള്ള അച്ചടക്കരാഹിത്യത്തിനും കൃത്യവിലോപത്തിനും അനധികൃത ഹാജരില്ലായ്മയ്ക്കും ഉത്തരവാദിയാകയാൽ താങ്കൾക്കെതിരായി 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കാൻ മതിയായ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ മെമ്മോകൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള എതിർ വാദവിവര പത്രികയൊന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ എതിർവാദമൊന്നും ഇല്ലായെന്ന അനുമാനത്തിൽ അച്ചടക്ക നടപടി തുടരുന്നതാണ്.

താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട് ഈ ഓഫീസിലെ രേഖകൾ എതിർവാദ പത്രിക സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മുമ്പായി താങ്കളുടെ മുൻകൂട്ടിയുള്ള അപേക്ഷ പ്രകാരം നിശ്ചയിക്കുന്ന തീയതിയിൽ ബന്ധപ്പെട്ട ആഫീസ് മേധാവികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്. നേരിൽ കാര്യം ബോധിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

വിശദമായ കുറ്റാരോപണ പത്രിക അനുബന്ധമായി ചേർക്കുന്നു.

ഷാജി ക്ലമന്റ്

ജോയിന്റ് ഡയറക്ടർ

തദ്ദേശ സ്വയംഭരണ വകുപ്പ്

ശ്രീ എസക്കി മുത്തു,

ഓഫീസ് അറ്റൻഡന്റ് ,

തിടനാട് ഗ്രാമപഞ്ചായത്ത്.

(സെക്രട്ടറി,തിടനാട് ഗ്രാമപഞ്ചായത്ത് മുഖേന)

പകർപ്പ്

1) സെക്രട്ടറി,

തിടനാട് ഗ്രാമപഞ്ചായത്ത്

(കുറ്റാരോപണ മെമ്മോയുടെ 3പകർപ്പുകൾ അയക്കുന്നു. ഒരു പകർപ്പ് ശ്രീ എസക്കിമുത്തുവിന് നൽതേണ്ടതും ഒരു പകർപ്പിൽടിയാളുടെ കൈയൊപ്പും കൈപ്പറ്റ തീയതിയും രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതുമാണ്. )

2) കരുതൽ/അധികം

I/261469/2024

Signed by
Shaji Clement
Date: 12-04-2024 11:44:08

I/261466/2024

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**

കളക്ട്രേറ്റ് പി. ഒ., കോട്ടയം - 686002

ഫോൺ: 0481-2560282

*e-mail: jdlsgdktm@gmail.com*

തീയതി:12-04-2024

## കുറ്റാരോപണ പത്രിക

തിടനാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ എസക്കി മുത്തുവിനെതിരായുള്ള ആരോപണം

1 ) തിടനാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ചുവരവേ 10.04.2023 മുതൽ മുൻ കൂർ അവധിക്ക് അപേക്ഷ നൽകാതെ അനധികൃമായി ഓഫീസിൽ ഹാജരാകുന്നില്ല

2 ) അനധികൃതമായി ഓഫീസിൽ ഹാജരാകാത്തത് സംബന്ധിച്ച് കാരണം ബോധിപ്പിക്കുന്നതിന് 29.04.2023 തീയതി തിടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ കത്തിന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

3 ) മേൽ ഖണ്ഡികയിലെ കുറ്റാരോപണങ്ങളുടെ തീർപ്പാക്കലുമായി ബന്ധപ്പെട്ട് ശിക്ഷണ നടപടികൾ സംബന്ധിച്ച മാന്വലിലെ ഖണ്ഡിക 4 5 പ്രകാരം താങ്കൾക്കെതിരെ താഴെ സൂചിപ്പിച്ച മുൻകാല ശിക്ഷണ നടപടി കൂടി പരിഗണനയിലെടുക്കുന്നതാണ്. അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന കാലയളവിൽ മുൻകൂർ അനുമതിയില്ലാതെ ജോലിക്ക് ഹാജരാകാതിരുന്നതിന് താങ്കൾക്ക് കർശന താക്കീത് നൽകിയിരുന്നതും തിടനാട് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന കാലത്ത് തന്നെ മുൻകൂർ അനുമതിയില്ലാതെ ജോലിക്കു ഹാജരാകാതിരുന്നതിന് രണ്ടു തവണ താങ്കൾക്കെതിരായി അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതും രണ്ടു തവണയും താങ്കളുടെ ഒരു ശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞിരുന്നതുമാണ്. എന്നാൽ നിരവധി താക്കീതുകൾ നൽകിയ ശേഷവും മുൻകൂർ അനുമതിയില്ലാതെ ജോലിക്കു ഹാജരാകാതിരുന്നതിലൂടെ മുകളിൽ പറഞ്ഞിരിക്കുന്ന ഗുരുതരമായ അച്ചടക്ക രാഹിത്യവും കൃത്യവിലോപവും അനധികൃ ഹാജരില്ലായമയും മുൻ നിർത്തി ഈ കുറ്റ പത്രം നൽകുന്നു.

ഷാജി ക്ലമന്റ്

ജോയിന്റ് ഡയറക്ടർ

**ഈ കുറ്റപത്രത്തിന് ആസ്പദമായ വിഷയങ്ങൾ**

1. തിടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.05.2023 തീയതിയിലെ ജെസി4-2408/2023 നമ്പർ കത്ത്

2. തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ(വികസനം) 01.04.2024 തീയതിയിലെ റിപ്പോർട്ട്

3. ഈ ഓഫീസിൽ നിന്നുള്ള 19.04.2017 തീയതിയിലെ എവിഎസ് 4376/17/1 നമ്പർ കത്ത്

4. ഈ ഓഫീസിലെ 18.03.2021 തീയതിയിലെ DDP-KTM/264/2020-AVS നമ്പർ കുറ്റാരോപണ പത്രിക

5. ഈ ഓഫീസിലെ 01.06.2022 തീയതിയിലെ DDP-KTM/312/2022-AVS നമ്പർ കുറ്റാരോപണ പത്രിക

I/261466/2024

Signed by
Shaji Clement
Date: 12-04-2024 11:42:47